<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506</u> <u>19-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കോട്ടയം ജില്ലയിലെ യു.പി.എസ്.ടി നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ യു.പി.എസ്.ടി. നിയമനവുമായി ബന്ധപ്പെട്ട് രഞ്ജീഷ് കുമാർ (എ3/2320/2024/ ഡി.ഡി.ഇ.കെ.റ്റി.എം.), സീമ ഷാമോൻ (എ3/6550/2023/ഡി.ഡി.ഇ.കെ.റ്റി.എം.) എന്നിവർക്ക് ലഭിച്ച വിവരാകാശ മറുപടിയിൽ ബൈ ട്രാൻസ്ഫർ നിയമനത്തിനായി നീക്കി വച്ചിരുന്നതായി പ്രതിപാദിക്കുന്ന രണ്ട് ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കാമോ; | (എ) | **അധ്യാപകരുടെ 2024-25 വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റം പട്ടിക പ്രകാരം യു.പി.എസ്.ടി തസ്തികയിൽ 3 ഒഴിവുകളുടെ കുറവുണ്ടായിട്ടുള്ളതിനാൽ പുനഃപരിശോധനയ്ക്ക് ശേഷം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | രഞ്ജീഷ് കുമാറിന് (എ3/2320/2024/ ഡി.ഡി.ഇ.കെ.റ്റി.എം.) ലഭിച്ച വിവരാവകാശ മറുപടിയിൽ പ്രതിപാദിച്ച പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത 19 ഒഴിവുകളിൽ എത്ര ബൈ ട്രാൻസ്ഫർ ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത 19 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും വ്യക്തമാക്കാമോ; | (ബി) | **പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത 19 ഒഴിവുകളിൽ ബൈട്രാൻസ്ഫർ ഒഴിവുകളുടെ എണ്ണം - 1 (ഒന്ന്).**<br><br>**ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തീയതികൾ - 26/08/2023, 30/11/2023, 21/02/2024, 27/02/2024.** |
| (സി) | 2023-24 വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റം പൂർത്തിയായതിന് ശേഷം 2024 ജനുവരി മുതൽ 2024 മെയ് മാസം വരെ യു.പി.എസ്.ടി. തസ്തികയിൽ ഉടലെടുത്ത വിരമിക്കൽ ഉൾപ്പെടെയുള്ള ആകെ ഒഴിവുകൾ 22 ആയിരിക്കവേ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി 10% ഒഴിവുകൾ നീക്കി വെയ്ക്കണമെന്ന മുൻകാല നിബന്ധന നിലനിൽക്കെ 18.05.2024-ൽ ലഭിച്ച വിവരാവകാശ മറുപടിയിൽ (എ3/2320/2024/ഡി.ഡി.ഇ. കെ.റ്റി.എം.) അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പരമാവധി മൂന്ന് ഒഴിവുകൾക്ക് പകരം അഞ്ച് ഒഴിവുകൾ നീക്കി വെച്ചിരിക്കുന്നുവെന്ന് പ്രതിപാദിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (സി) | **ആകെ ഒഴിവുകൾ ഒരുമിച്ചുണ്ടാകുന്നവയല്ലാത്തതിനാൽ ഓരോ സമയത്തും ഉണ്ടാകുന്ന ഒഴിവുകളിൽ നിശ്ചിത മാനദണ്ഡ പ്രകാരം മാറ്റിവെച്ചിട്ടുള്ള ആകെ ഒഴിവുകളാണ് 5 (അഞ്ച്). എന്നാൽ കേഡർ സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ശതമാനം കണക്കാക്കിയും സ്ഥലംമാറ്റത്തിലൂടെ ഉണ്ടാകുന്ന ഒഴിവുകളുടെ വ്യത്യാസവും (പി.ഡി ടീച്ചർ മാരുടെ സ്ഥലംമാറ്റം മൂലം) കണക്കിലെടുത്ത് നിശ്ചിത ഒഴിവുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ഡി) | മാനദണ്ഡപ്രകാരമുള്ള ഒഴിവുകൾ മാറ്റിനിർത്തി ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | **മാനദണ്ഡപ്രകാരമുള്ള ഒഴിവുകൾ മാറ്റിനിർത്തി ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ